


# സംസ്ഥാന പരമ്പരാഗത ഈറ്റ, മുള തൊഴിലാളി സംഗമം

റിപ്പോർട്ട്





സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിച്ച കേരള ബാംബൂ ഫെസ്റ്റി നോടനുബന്ധമായി 2026 ജനുവരി 01 എറണാകുളം ടൗൺ ഹാളിൽ വച്ച് സംസ്ഥാന പരമ്പരാഗത ഈറ്റ, മുള തൊഴിലാളി സംഗമം സംഘടിപ്പിച്ചു. കേരള ബാംബൂ ഫെസ്റ്റിന്റെ ഭാഗമായി നടന്ന സംസ്ഥാന പരമ്പരാഗത ഈറ്റ, മുള തൊഴിലാളി സംഗമം ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ബഹു. എറണാകുളം എം. എൽ.എ. ശ്രീ. ടി.ജെ. വിനോദ് അധ്യക്ഷനായിരുന്നു.

കേരളത്തിലെ പരമ്പരാഗത ഈറ്റ, മുള തൊഴിലാളികൾ അഭിമുഖീകരിക്കുന്ന തൊഴിൽ പ്രശ്നങ്ങളെ മനസിലാക്കി അവയ്ക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുക, പരമ്പരാഗത ഈറ്റ, മുള തൊഴിൽ മേഖലയെ നവീകരിക്കുകയും തൊഴിലാളികളുടെ പങ്കാളിത്തതോടെ പുതിയ തൊഴിൽ സംരംഭങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക, ഈറ്റ, മുള തൊഴിലാളികളുടെ പാരമ്പര്യ/പരമ്പരാഗത അറിവുകളെ National Institute of Design (NID) പോലെയുള്ള പ്രമുഖ ഡിസൈൻ സ്ഥാപനങ്ങളുമായി കൂട്ടിയിണക്കി വിപണി സാധ്യതയുള്ള പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് ഈറ്റ തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഒരുക്കുന്നതിനുള്ള സാധ്യതകൾ ആരായുക തുടങ്ങിയ ലക്ഷ്യങ്ങളെ മുൻനിർത്തിയായിരുന്നു സംഗമം സംഘടിപ്പിച്ചത്.

വിവിധ ജില്ലകളിലെ തൊഴിലാളികൾ എറണാകുളം ടൗൺ ഹാളിൽ നടന്ന സംഗമത്തിന്റെ ഭാഗമായി. ഈറ്റ തൊഴിൽ മേഖലയെക്കുറിച്ച് വിവിധ വിഷയങ്ങളിൽ ക്ലാസുകളും ചർച്ചകളും നടന്നു. ബന്ധപ്പെട്ട

ഉദ്യോഗസ്ഥർ സെക്ഷനുകൾ കൈകാര്യം ചെയ്തു. തൊഴിലാളികളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും ഉദ്യോഗസ്ഥർ മറുപടി നൽകി. കൂടുതൽ വിപണി സാധ്യതയുള്ള പുതിയ ഉൽപ്പന്നങ്ങൾ നിർമിച്ച് കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനെക്കുറിച്ചുള്ള ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ തൊഴിലാളികൾക്ക് കൂടുതൽ ഉണർവ് പകർന്നു. സംഗമത്തോടനുബന്ധിച്ച് കേരള സംസ്ഥാന ബാംബൂ മിഷൻ എറണാകുളം ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം മൈതാനിയിൽ സംഘടിപ്പിച്ച 22-ാമത് കേരള ബാംബു ഫെസ്റ്റ് സന്ദർശിച്ചു.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐ. എ. എസ്., ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ശ്രീ. കെ അജിത് കുമാർ, കേരള കരകൗശല വികസന കോർപറേഷൻ ചെയർമാൻ ശ്രീ. പി. രാമഭദ്രൻ, കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ ശ്രീ. ചാണ്ടി പി. അലക്സാണ്ടർ തുടങ്ങിയവർ പങ്കെടുത്തു.

മുള അനുബന്ധ മേഖലയുടെ ഉന്നമനത്തിനായി നാഷണൽ ബാംബൂ മിഷൻ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് നാഷണൽ ബാംബൂ മിഷൻ ഡെപ്യൂട്ടി കമ്മീഷണർ ശ്രീ. കെ. എസ് . ശ്രീകാന്ത്, ഈറ്റ- മുള തൊഴിലാളികളുടെ ഉന്നമനത്തിനായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ബാംബൂ കോർപ്പറേഷൻ എം.ഡി ശ്രീ. സുരേഷ് പുല്ലാനിക്കാട്ട്, സംസ്ഥാന ബാംബൂ മിഷന് കീഴിലെ മുള മേഖലയുടെ ശാക്തീകരണ പ്രവർത്തനങ്ങളെക്കുറിച്ച് കെബിപ്പ് സിഇഒ ശ്രീ. സൂരജ്. എസ്., ഈറ്റ- മുള മേഖലയുടെ പ്രോത്സാഹനവും വികസനവും എന്ന വിഷയത്തെക്കുറിച്ച് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൾ സയന്റിസ്റ്റ് ശ്രീ. വി. ബി ശ്രീകുമാർ, മുള ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവും രൂപകൽപ്പനയും എന്ന വിഷയത്തെക്കുറിച്ച് ഉറവ് സിഇഒ ശ്രീ. ടോണി പോൾ എന്നിവർ സംസാരിച്ചു.

പൊതുമേഖലയെ സംരക്ഷിച്ചു പരമ്പരാഗതമേഖലയെ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ആധുനിക മേഖലയുമായി ബന്ധപ്പെടുത്തി,മത്സരക്ഷമമാക്കി മുന്നോട്ട് പോകുന്നതിന് വ്യവസായ വാണിജ്യ വകുപ്പും കേരള സംസ്ഥാന ബാംബൂ മിഷനും നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളെ ബഹു. മന്ത്രി പ്രത്യേകം അഭിനന്ദിച്ചു.










## സംസ്ഥാന പരമ്പരാഗത ഈറ്റ, മുള തൊഴിലാളി സംഗമത്തിലെ സുപ്രധാന തീരുമാനങ്ങൾ

കേരളത്തിലെ പരമ്പരാഗത ഈറ്റ, മുള തൊഴിലാളികൾ അഭിമുഖീകരിക്കുന്ന തൊഴിൽ പ്രശ്നങ്ങളെ മനസിലാക്കി അവയ്ക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുക, പരമ്പരാഗത ഈറ്റ, മുള തൊഴിൽ മേഖലയെ നവീകരിക്കുകയും തൊഴിലാളികളുടെ പങ്കാളിത്തതോടെ പുതിയ തൊഴിൽ സംരംഭങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടു കൂടി ഈ മേഖലയിലെ വിവിധ വിഷയങ്ങളെ പഠിക്കുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷനെ (BPT) ചുമതലപ്പെടുത്തിയിരുന്നു.

പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം പരമ്പരാഗത മേഖല നേരിടുന്ന പ്രതിസന്ധികൾ

- പുതിയ കാലത്തിന്റെ വെല്ലുവിളികൾ
- അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്
- തൊഴിലാളികളുടെ ലഭ്യതക്കുറവ്
- ഉത്പാദനച്ചെലവും വിപണന വിലയും തമ്മിലുള്ള അന്തരം
- വിപണി കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ

ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സ്വീകരിച്ചു വരുന്ന നടപടികളുടെയും കൈക്കൊള്ളേണ്ട പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് സംഗമത്തിൽ വ്യക്തമാക്കി.

- പരമ്പരാഗത ഈറ്റ, മുള മേഖലയെ ശക്തിപ്പെടുത്തി കാലത്തിന്റെ വെല്ലുവിളികൾ നേരിടാൻ തക്കവിധം പ്രാപ്തരാക്കി പുതുക്കി പണിത് സംരക്ഷിക്കും.
- പരമ്പരാഗത ഈറ്റ, മുള മേഖലയിലെ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളും, മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കും
- പരമ്പരാഗത ഈറ്റ, മുള മേഖലയിലെ തൊഴിലാളികളെ എങ്ങനെ പ്രസ്തുത മേഖലയിലെ കരകൗശല വിദഗ്ധനാക്കാം എന്നത് പഠിക്കും.
- കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉറപ്പാക്കുകയും, സാമൂഹ്യ സന്നദ്ധ സംഘടനകൾ, സൊസൈറ്റികൾ, വ്യക്തിഗത സംരംഭങ്ങൾ എന്നിവരിലൂടെ വിപണിക്കാവശ്യമായ ഉത്പന്നങ്ങൾ തിരിച്ചറിയുകയും അവ നിർമ്മിക്കുന്നതിവശ്യമായ പരിശീലനം ഉറപ്പാക്കുന്നതിന് അവസരം ഒരുക്കുകയും ചെയ്യും.
- മേഖലയിലെ പദ്ധതികളും വിവരങ്ങളും കേരള സംസ്ഥാന ബാംബൂ മിഷൻ ബന്ധപ്പെട്ടവരിലേക്ക് പൂർണമായി എത്തിക്കും
- വനംവകുപ്പുമായി ഏകോപിപ്പിച്ച് ഈറ്റ വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉടൻ തൊഴിലാളികൾക്ക് ലഭ്യമാക്കും.
- ഉത്പ്പന്നങ്ങൾ നെയ്തു കൊടുത്താൽ രണ്ടാഴ്ച്ചയ്ക്കകം ബാങ്ക് അക്കൗണ്ട് വഴി വേതനം നൽകണമെന്ന തൊഴിലാളികളുടെ ആവശ്യത്തിൽ തുടർനടപടിയുണ്ടാകും.
- തൊഴലാളികളുടെ വേതനം കാലതാമസമില്ലാതെ (നെയ്തു കഴിഞ്ഞു ഉത്പന്നം കൈമാറി രണ്ടാഴ്ചക്കുള്ളിൽ) ബാങ്കുകളിലൂടെ ലഭ്യമാക്കും.
- ഈറ്റ, മുള തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കാൻ ഇവയുടെ കൃഷി വ്യാപിപ്പിച്ചു വരുന്നു.






- ബാംബൂ കോർപറേഷൻ പുനസംഘടിപ്പിക്കണം എന്ന ആവശ്യം പരിഗണിച്ച് പ്രസ്തുത വിഷയത്തെ കുറിച്ച് പഠിക്കാൻ BPT യെ ചുമതല ഏൽപ്പിച്ചിരുന്നു. റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വിശദമായ ചർച്ചകൾക്കും കൂടിച്ചേരലുകൾക്കും ശേഷം അനുയോജ്യമായ തീരുമാനം കൈക്കൊള്ളും.

- വ്യവസായ വാണിജ്യ ഡയറക്ടർ ചെയർമാനായും കേരള ബാംബൂ മിഷൻ, സിഇഒയും കേരള ബാംബൂ കോര്പറേഷൻ എംഡിയും ചേർന്ന് ഒരു കോർഡിനേഷൻ കമ്മിറ്റി രൂകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. BPT യുടെ റിപ്പോർട്ടിന്മേലുള്ള നടപടികളുടെ ചർച്ചയും കൈക്കൊള്ളലും വ്യവസായ വാണിജ്യ ഡയറക്ടർ ചെയർമാനായ ഈ കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയിരിക്കും.

- പ്രവർത്തനരഹിതമായ ഡിപ്പോകളുടെ ക്രമീകരണം നടപ്പിലാക്കുന്നതിലേക്ക് തൊഴിലാളികൾ ഇല്ലാത്ത ഡിപ്പോകൾ അടച്ചുപൂട്ടി മറ്റു ഡിപ്പോകളുടെ പ്രവർത്തനം ശക്തമാക്കുക.

- പ്രവർത്തനരഹിതമായ 20 ഡിപ്പോകൾ ഇതിനോടകം അടച്ചു പൂട്ടിക്കഴിഞ്ഞു. കൂടുതൽ തൊഴിലാളികളുള്ള (നെയ്ത്തുകാർ) കേന്ദ്രങ്ങൾ കണ്ടെത്തി ബാക്കിയുള്ള ഡിപ്പോകൾ ശക്തിയായി ക്രമീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

- തിരുവനന്തപുരം കേന്ദ്രമാക്കി ഈറ്റ തൊഴിലാളികളുടെ സംഗമം സംഘടിപ്പിച്ചു പാസ് ബുക്കുകൾ വിതരണം ചെയ്തു രെജിസ്ട്രേഷൻ നടപടികൾ കൈക്കൊള്ളണം. ഇതിനോടൊപ്പം തന്നെ ഓരോ ജില്ലകളിലും രെജിസ്ട്രേഷൻ നടപടികൾ നടന്നു വരുന്നുണ്ട്.

- അർഹരായ തൊഴിലാളികളെ കണ്ടെത്തുന്നതിനായി രെജിസ്ട്രേഷൻ നടപടികളിൽ ആധാർ ലിങ്ക് ചെയ്യണമെന്ന ആവശ്യം പരിഗണിക്കും.

- ഈറ്റ നെയ്ത്ത് മേഖലയിൽ പണിയെടുക്കുന്ന 200 തൊഴിലാളികൾക്ക് 10 ബാച്ചായി ഒരു മാസം നീണ്ടു നിൽക്കുന്ന വിദഗ്ധ പരിശീലനം നാഷണൽ ഡിസൈൻ ഇൻസ്റ്റിട്യൂട്ടുമായി (NID) സഹകരിച്ചു, സ്റ്റൈപ്പെൻഡോടുകൂടി കേരള സംസ്ഥാന ബാംബൂ മിഷൻ (കെഎസ്ബിഎം) ആരംഭിച്ചിട്ടുണ്ട്.

- ആവശ്യാനുസരണമുള്ള ഈറ്റ, പനമ്പ് ലഭ്യത വനം വകുപ്പുമായി ചേർന്ന് കേരള ബാംബൂ കോർപറേഷൻ ഉറപ്പാക്കും.

- ബാംബൂ കോർപറേഷന് കീഴിലുള്ള സ്ഥലങ്ങളിൽ, ആവശ്യത്തിലധികമുള്ള ഭൂമിയിൽ തൊഴിലാളികൾക്ക് ഉതകുന്ന തരത്തിൽ സ്ഥാപനങ്ങളും പരിശീലന കേന്ദ്രങ്ങളും നിർമിച്ചു നൽകും.